# മധുമായ കുട്ടികളേ - ജ്ഞാനത്തെ ബുദ്ധിയിൽ ധാരണ ചെയ്ത് ഒത്തുചേർന്ന് ക്ലാസ്സ് നടത്തൂ, തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്ത് സത്യമായ സമ്പാദ്യം ഉണ്ടാക്കിക്കൊണ്ടിരിക്കൂ

**ചോദ്യം:-** നിങ്ങൾ കുട്ടികളിൽ ഏതൊരു അഹങ്കാരം ഒരിക്കലും വരരുത്?
**ഉത്തരം:-** പല കുട്ടികളിലും അഹങ്കാരം വരുന്നു അതായത് ഈ ചെറിയ-ചെറിയ പെൺകുട്ടികൾ നമുക്കെന്ത് മനസ്സിലാക്കി തരാനാണ്. മുതിർന്ന സഹോദരി പോയാൽ പിണങ്ങി ക്ലാസ്സിൽ വരാതിരിക്കുന്നു. ഇതാണ് മായയുടെ വിഘ്നം. ബാബ പറയുന്നു-കുട്ടികളെ, നിങ്ങൾ കേൾപ്പിക്കുന്ന ടീച്ചറുടെ നാമ-രൂപത്തെ നോക്കരുത്, ബാബയുടെ ഓർമ്മയിലിരുന്ന് മുരളി കേൾക്കൂ. അഹങ്കാരത്തിലേക്ക് വരരുത്.

**ഓം ശാന്തി**. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. ഇത്രയും കുട്ടികളുടെ അച്ഛനെന്ന് പറയുമ്പോൾ അതൊരു ഭൗതീക അച്ഛനാകാൻ സാധിക്കില്ല. ഇതാണ് ആത്മീയ അച്ഛൻ. ആ ബാബയ്ക്ക് ധാരാളം കുട്ടികളുണ്ട്, കുട്ടികൾക്ക് വേണ്ടിയാണ് ഈ മുരളി ടേപ്പ് മുതലായ എല്ലാ സാമഗ്രികളും ഉള്ളത്. കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ സംഗമയുഗത്തിലാണ് ഇരിക്കുന്നത് പുരുഷോത്തമനാകുന്നതിന് വേണ്ടി. ഇതും സന്തോഷത്തിന്റെ കാര്യമാണ്. ബാബ തന്നെയാണ് പുരുഷോത്തമനാക്കുന്നത്. ഈ ലക്ഷ്മീ-നാരായണൻ പുരുഷോത്തമനല്ലേ. ഈ സൃഷ്ടിയിൽ തന്നെയാണ് ഉത്തമ പുരുഷരും, മദ്ധ്യമരും കനിഷ്ഠരുമുള്ളത്. ആദിയിൽ ഉത്തമം, നടുവിൽ മദ്ധ്യമം, അന്ത്യത്തിൽ കനിഷ്ഠം. ഓരോ വസ്തുവും ആദ്യം പുതിയതും ഉത്തമവും പിന്നീട് മദ്ധ്യമവും പിന്നീട് കനിഷ്ഠം അർത്ഥം പഴയതാകുന്നു. ലോകവും ഇങ്ങനെ തന്നെയാണ്. അതുകൊണ്ട് ഏതേത് കാര്യങ്ങളിലാണോ മനുഷ്യർക്ക് സംശയം വരുന്നത്, അതിൽ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം. വളരെ പേർ ബ്രഹ്മാവിനെക്കുറിച്ച് തന്നെയാണ് പറയാറുള്ളത്, ഇദ്ദേഹത്തിനെ എന്തിനാണ് ഇവിടെ ഇരുത്തിയത്? അപ്പോൾ അവരെ വൃക്ഷത്തിന്റെ ചിത്രത്തിലേക്ക് കൊണ്ട് വരണം. നോക്കൂ താഴെയും തപസ്സു ചെയ്തുകൊണ്ടിരിക്കുന്നു അതുപോലെ മുകളിലും ഏറ്റവും അവസാനം വളരെ ജന്മങ്ങൾക്ക് ശേഷം അന്ത്യത്തിലെ ജന്മത്തിൽ നിൽക്കുന്നു. ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിലാണ് പ്രവേശിക്കുന്നത്. ഈ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നവർ വളരെ ബുദ്ധിശാലികളായിരിക്കണം. ഒരാളെങ്കിലും വിവേക രഹിതനായാൽ മുഴുവൻ ബി.കെ കളുടെയും പേര് മോശമാകുന്നു. പൂർണ്ണമായും മനസ്സിലാക്കി കൊടുക്കാൻ അറിയില്ല. പൂർണ്ണമായും പാസ്സാകുന്നത് അന്തിമത്തിൽ തന്നെയാണ്, ഈ സമയം 16 കലാ സമ്പൂർണ്ണരാകാൻ ആർക്കും സാധിക്കില്ല എങ്കിലും മനസ്സിലാക്കി കൊടുക്കുന്നതിൽ തീർച്ചയായും നമ്പർവൈസായിരിക്കും. പരംപിതാ പരമാത്മാവിനോട് പ്രീതിയില്ലെങ്കിൽ വിപരീത ബുദ്ധിയല്ലേ. ഇതിൽ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും അതായത് ആരാണോ പ്രീത ബുദ്ധി അവർ വിജയിക്കുന്നു ആരാണോ വിപരീത ബുദ്ധി അവർ വിനാശം പ്രാപിക്കുന്നു. ഈ കാര്യത്തിലും പലരും പിണങ്ങുന്നു, പിന്നീട് എന്തെങ്കിലുമെല്ലാം ആരോപണങ്ങൾ പറയുന്നു. വഴക്കും വക്കാണവുമുണ്ടാക്കാൻ വൈകിക്കില്ല. ആർക്ക് എന്താണ് ചെയ്യാൻ സാധിക്കാത്തത്. ചിലപ്പോൾ ചിത്രങ്ങൾക്ക് തീയിടാൻ പോലും മടിക്കില്ല. ബാബ നിർദ്ദേശവും തരികയാണ് - ചിത്രങ്ങളെ ഇൻഷൂർ ചെയ്യൂ. കുട്ടികളുടെ അവസ്ഥയും ബാബയ്ക്കറിയാം, ക്രിമിനൽ ദൃഷ്ടിയെക്കുറിച്ചും ബാബ ദിവസവും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നുണ്ട്. എഴുതാറുണ്ട് - ബാബാ അങ്ങ് ക്രിമിനൽ ദൃഷ്ടിയെക്കുറിച്ച് എന്താണോ മനസ്സിലാക്കി തന്നത് ഇത് തീർത്തും ശരിയാണ് പറഞ്ഞത്. ഈ ലോകം തമോപ്രധാനമല്ലേ. ദിനം-പ്രതിദിനം തമോപ്രധാനമായിക്കൊണ്ടിരിക്കുന്നു. അവരാണെങ്കിൽ മനസ്സിലാക്കുന്നത് കലിയുഗം ഇപ്പോഴും മുട്ടിഴയുന്നതേ ഉള്ളൂ എന്നാണ് അജ്ഞാന നിദ്രയിൽ തീർത്തും ഉറങ്ങിയിരിക്കുന്നു. ഇടക്കിടക്ക് പറയാറുമുണ്ട് ഇത് മഹാഭാരത യുദ്ധത്തിന്റെ സമയമാണ് അപ്പോൾ ഭഗവാനും തീർച്ചയായും ഏതെങ്കിലും രൂപത്തിൽ ഉണ്ടായിരിക്കും. രൂപം പറയുന്നില്ല. തീർച്ചയായും ആരിലെങ്കിലും പ്രവേശിക്കണം. ഭാഗ്യശാലി രഥമെന്ന് പറഞ്ഞിട്ടുണ്ട്. രഥം അത് ആത്മാവിന്റേതായിരിക്കില്ലേ. അതിൽ വന്ന് പ്രവേശിക്കും. അതിനെയാണ് പറയുന്നത് ഭാഗ്യശാലീ രഥം. ബാക്കി ബാബ ജന്മമെടുക്കുന്നില്ല. ഇദ്ദേഹത്തിന്റെ അരികിൽ വന്നിരുന്ന് ജ്ഞാനം നൽകുന്നു. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ത്രിമൂർത്തിയുടെ ചിത്രവുമുണ്ട്. ത്രിമൂർത്തിയെന്ന് ബ്രഹ്മാ-വിഷ്ണു-ശങ്കരനെയാണ് പറയുക. തീർച്ചയായും ഇവർ എന്തോ ചെയ്താണ് പോയിട്ടുള്ളത്. അതുകൊണ്ടാണ് പിന്നീട് റോഡിനും, കെട്ടിടത്തിലുമെല്ലാം ത്രിമൂർത്തിയെന്ന പേര് വച്ചിട്ടുള്ളത്. ഏതുപോലെയാണോ ആ റോഡിന് സുഭാഷ് മാർഗ്ഗ് എന്ന പേര് നൽകിയിട്ടുള്ളത്. സുഭാഷ് ചന്ദ്രബോസിന്റെ ചരിത്രം എല്ലാവർക്കുമറിയാം. അവർക്ക് ശേഷമിരുന്ന് ചരിത്രമെഴുതുന്നു. പിന്നീട് പലതും കൂട്ടിച്ചേർത്ത് വലുതാക്കുന്നു. എത്ര പൊള്ളത്തരങ്ങൾ വേണമെങ്കിലും ഇരുന്നെഴുതാം.

ഏതുപോലെയാണോ ഗുരുനാനാക്കിന്റെ പുസ്തകം എത്ര വലുതായാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം ഇത്രയും എഴുതിയിട്ടില്ല. ജ്ഞാനത്തിന് പകരം ഭക്തിയുടെ കാര്യങ്ങൾ എഴുതിയിരിക്കുന്നു. ഈ ചിത്രങ്ങളെല്ലാം ഉണ്ടാക്കുന്നത് മനസ്സിലാക്കി കൊടുക്കാൻ വേണ്ടിയാണ്. ഈ കാര്യം അറിയാം ഈ കണ്ണുകളിലൂടെ എന്തെല്ലാമാണോ കാണുന്നത് ഇതെല്ലാം ഭസ്മമാകാനുള്ളതാണ്. ശേഷം ആത്മാവിന് ഇവിടെ കഴിയാൻ സാധിക്കില്ല. തീർച്ചയായും വീട്ടിലേക്ക് പോകും. ഇങ്ങനെ-ഇങ്ങനെയുള്ള കാര്യങ്ങൾ എല്ലാവരുടെയും ബുദ്ധിയിൽ ഇരിക്കില്ല. അഥവ ധാരണ ഉണ്ടാകുന്നുണ്ടെങ്കിൽ എന്തുകൊണ്ട് ക്ലാസ്സ് നടത്തുന്നില്ല. 7-8 വർഷത്തിൽ ഇങ്ങനെ ക്ലാസ്സെടുക്കാൻ സാധിക്കുന്നതരത്തിലുള്ള ആരും തയ്യാറാകുന്നില്ല. ധാരാളം സ്ഥലങ്ങളിൽ ഇതുപോലെ നടത്തുന്നുമുണ്ട്. എങ്കിലും മനസ്സിലാക്കുന്നു മാതാക്കളുടെ സ്ഥാനം ഉയർന്നതാണ്. ചിത്രങ്ങൾ ധാരാളമുണ്ട് പിന്നീട് മുരളി ധാരണ ചെയ്ത് അതിൽ അൽപം മനസ്സിലാക്കി കൊടുക്കണം. ഇത് ആർക്കും ചെയ്യാൻ സാധിക്കും. വളരെ എളുപ്പമാണ്. പിന്നീട് ബ്രാഹ്മണിയെ ചോദിക്കുന്നത് എന്തിനാണെന്നറിയില്ല. ബ്രാഹ്മണി എവിടേക്കെങ്കിലും പോയാൽ കഴിഞ്ഞു പിണങ്ങി ഇരിക്കുന്നു. ക്ലാസ്സിൽ വരുന്നില്ല, പരസ്പരം മുറുമുറുപ്പാകുന്നു. മുരളി ആർക്കുമിരുന്ന് കേൾപ്പിച്ചുകൂടെ. പറയും സമയമില്ല. ഇതിൽ തന്റെയും മംഗളം ചെയ്യണം മറ്റുള്ളവരുടെയും മംഗളം ചെയ്യണം. വളരെ വലിയ സമ്പാദ്യമാണ്. സത്യായ സമ്പാദ്യം ചെയ്യിക്കണം അതിലൂടെ മനുഷ്യരുടേത് വജ്ര സമാനമായ ജീവിതമാകണം. സ്വർഗ്ഗത്തിലേക്ക് എല്ലാവരും പോകില്ലേ. അവിടെ സദാ സുഖിയായിരിക്കും. പ്രജയുടെ ആയുസ്സ് കുറവായിരിക്കും, ഇങ്ങനെയായിരിക്കില്ല. പ്രജയുടെ ആയുസ്സും വലുതായിരിക്കും. അതാണ് അമരലോകം. ബാക്കി പദവി കുറവും കൂടുതലുമായിരിക്കും. അതുകൊണ്ട് ഏത് ടോപ്പിക്കിലും ക്ലാസ്സ് നടത്തണം. എന്തുകൊണ്ടാണ് ഇങ്ങനെ നല്ല ബ്രാഹ്മണി വേണമെന്ന് പറയുന്നത്. പരസ്പരം ക്ലാസ്സ് നടത്താൻ സാധിക്കും. ഇതിൽ ബഹളമുണ്ടാക്കരുത്. ചിലർക്ക് അഹങ്കാരം വരുന്നു - ഈ ചെറിയ-ചെറിയ ബാലികമാർ എന്ത് മനസ്സിലാക്കി തരാനാണ്? മായയുടെ വിഘ്നവും ധാരാളം വരുന്നുണ്ട്. ബുദ്ധിയിൽ ഇരിക്കുന്നില്ല.

ബാബ ദിവസവും മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നുണ്ട്, ശിവബാബ ടോപ്പിക്കിലല്ലല്ലോ മനസ്സിലാക്കി തരിക. ബാബ സാഗരനാണ്. അലകൾ അടിച്ചുകൊണ്ടേയിരിക്കും. ഇടക്ക് കുട്ടികൾക്ക് മനസ്സിലാക്കി തരും, ഇടക്ക് പുറമെയുള്ളവർക്ക് മനസ്സിലാക്കി തരും. മുരളി എല്ലാവർക്കും ലഭിക്കുന്നുണ്ട്. അക്ഷരം അറിയില്ലെങ്കിൽ പഠിക്കേണ്ടേ-തന്റെ ഉന്നതിക്ക് വേണ്ടി പുരുഷാർത്ഥം ചെയ്യണം. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം. ഈ ബാബയ്ക്കും (ബ്രഹ്മാബാബ) കേൾപ്പിക്കാൻ സാധിക്കില്ലേ, എന്നാൽ കുട്ടികളുടെ ബുദ്ധി ശിവബാബയിലേക്കായിരിക്കണം അതുകൊണ്ടാണ് പറയുന്നത് എപ്പോഴും മനസ്സിലാക്കൂ ശിവബാബയാണ് കേൾപ്പിക്കുന്നത്. ശിവബാബയെ തന്നെ ഓർമ്മിക്കൂ. ശിവബാബ പരംധാമത്തിൽ നിന്ന് വന്നിരിക്കുകയാണ്, മുരളി കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ബ്രഹ്മാവ് പരംധാമത്തിൽ നിന്ന് വന്നല്ല കേൾപ്പിക്കുന്നത്. മനസ്സിലാക്കൂ ശിവബാബ ഈ ശരീരത്തിൽ വന്ന് നമുക്ക് മുരളി കേൾപ്പിച്ച് തരികയാണ്. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. യഥാർത്ഥ രീതിയിൽ ഈ കാര്യം ബുദ്ധിയിൽ ഉണ്ടായിരിക്കുകയാണെങ്കിൽ ഓർമ്മയുടെ യാത്രയിലായിരിക്കില്ലേ. എന്നാൽ ഇവിടെ ഇരുന്നിട്ട് പോലും പലരുടെയും ബുദ്ധി അവിടെയും ഇവിടെയും പോകുന്നു. ഇവിടെ നിങ്ങൾക്ക് നല്ല രീതിയിൽ യാത്രയിലിരിക്കാൻ സാധിക്കും. അല്ല എങ്കിൽ നാട് ഓർമ്മ വരും. വീടും-കുടുംബവും ഓർമ്മ വരും. ബുദ്ധിയിൽ ഓർമ്മിക്കുന്നു- ശിവബാബ നമ്മളെ ഇദ്ദേഹത്തിലിരുന്ന് പഠിപ്പിക്കുന്നു. ഞാൻ ശിവബാബയുടെ ഓർമ്മയിൽ മുരളി കേട്ടുകൊണ്ടിരിക്കുകയായിരുന്നു, പിന്നീട് ബുദ്ധിയോഗം എവിടേക്ക് ഓടിപ്പോയി. ഇങ്ങനെ വളരെ പേരുടെ ബുദ്ധിയോഗം പോകുന്നുണ്ട്. ഇവിടെ നിങ്ങൾക്ക് നല്ല രീതിയിൽ യാത്രയിലിരിക്കാൻ സാധിക്കും. മനസ്സിലാക്കുന്നു ശിവബാബ പരംധാമത്തിൽ നിന്ന് വന്നിരിക്കുന്നു. പുറമെ നാട്ടിലെല്ലാം കഴിയുമ്പോൾ ഈ ചിന്ത ഉണ്ടായിരിക്കില്ല. ചിലർ മനസ്സിലാക്കുന്നുണ്ട് ശിവബാബയുടെ മുരളിയാണ് ഈ കാതുകളിലൂടെ കേട്ടുകൊണ്ടിരിക്കുന്നത്. പിന്നീട് കേൾപ്പിക്കുന്നവരുടെ നാമ-രൂപം ഓർമ്മയുണ്ടായിരിക്കരുത്. ഈ മുഴുവൻ ജ്ഞാനവും ആന്തരീകമായതാണ്. ഉള്ളിൽ ചിന്തയുണ്ടായിരിക്കണം ശിവബാബയുടെ മുരളി നമ്മൾ കേൾക്കുകയാണ്. അല്ലാതെ ഇന്ന സഹോദരി കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ് ഇങ്ങനെയല്ല. ശിവബാബയുടെ മുരളി കേട്ടുകൊണ്ടിരിക്കുകയാണ്. ഇതും ഓർമ്മയിലിരിക്കുന്നതിനുള്ള യുക്തികളാണ്. എത്ര സമയം നമ്മൾ മുരളി കേൾക്കുന്നോ അത്രയും സമയം ഓർമ്മയിലാണ് ഇങ്ങനെയല്ല. ബാബ പറയുന്നു - വളരെ പേരുടെ ബുദ്ധി അവിടവിടെ പുറത്തേക്ക് പോകുന്നുണ്ട്. പാടവും-പറമ്പും തുടങ്ങിയവതെല്ലാം ഓർമ്മ വന്നുകൊണ്ടിരിക്കും. ബുദ്ധിയോഗം പുറത്തെവിടെയും അലയരുത്. ശിവബാബയെ ഓർമ്മിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഇല്ല. എന്നാൽ മായ ഓർമ്മിക്കാൻ അനുവദിക്കുന്നില്ല. മുവുവൻ സമയവും ശിവബാബയുടെ ഓർമ്മ ഇരിക്കുന്നില്ല, പല പല ചിന്തകൾ വരുന്നു. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചല്ലേ. ആരാണോ വളരെ സമീപസ്ഥരായവർ

അവരുടെ ബുദ്ധിയിൽ നല്ലരീതിയിൽ ഇരിക്കും. എല്ലാവർക്കും ഒരിക്കലും 8 ന്റെ മാലയിലേക്ക് വരാൻ സാധിക്കില്ല. ജ്ഞാനം, യോഗം, ദൈവീകഗുണം ഇതെല്ലാം അവനവനിൽ നോക്കണം. എന്നിൽ ഒരവഗുണവും ഇല്ലല്ലോ? മായക്ക് വശപ്പെട്ട് ഒരു വികർമ്മവും ഉണ്ടാകുന്നില്ലല്ലോ? ചിലർ വളരെ അത്യാർത്തിയുള്ളവരാണ്. അത്യാർത്തിയുടെ ഭൂതവുമുണ്ട്. അപ്പോൾ മായയുടെ പ്രവേശത ഇങ്ങനെയായിരിക്കും അതിലൂടെ വിശക്കുന്നു-വിശക്കുന്നു എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു- കഴിക്കണം-കഴിക്കണം വയറിൽ നിറക്കണം... ചിലരിൽ ഭക്ഷണത്തോടുള്ള അമിത ആസക്തി ഉണ്ട്. ഭക്ഷണവും നിയമമനുസരിച്ചായിരിക്കണം. ധാരാളം കുട്ടികളുണ്ട്. ഇനിയും ധാരാളം വരാനുണ്ട്. എത്ര ബ്രാഹ്മണ- ബ്രാഹ്മണികളിൽ ഉണ്ടാകും. കുട്ടികളോടും പറയുന്നു - നിങ്ങൾ ബ്രാഹ്മണനായി ഇരിക്കൂ. മാതാക്കളെ മുന്നിൽ വെച്ചിരിക്കുന്നു. ശിവ ശക്തി ഭാരത മാതാ കീ ജയ്.

ബാബ പറയുന്നു സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. സ്വദർശ്ശന ചക്രം കറക്കിക്കൊണ്ടിരിക്കൂ. സ്വദർശന ചക്രധാരി നിങ്ങൾ ബ്രാഹ്മണരാണ്. ഈ കാര്യങ്ങൾ പുതുതായി ആരെങ്കിലും വരികയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങളാണ് സർവ്വോത്തമ ബ്രഹ്മാ മുഖ വംശാവലീ ബ്രാഹ്മണ കുല ഭൂഷണർ, സ്വദർശന ചക്രധാരി. പുതിയ ആരെങ്കിലും കേൾക്കുകയാണെങ്കിൽ പറയും സ്വദർശന ചക്രം അത് വിഷ്ണുവിനാണുള്ളത്. ഇവരിത് ഇവർക്കാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു, അംഗീകരിക്കില്ല, അതുകൊണ്ടാണ് പുതിയവരെ സഭയിലേക്ക് പ്രവേശിപ്പിക്കാത്തത്. മനസ്സിലാക്കാൻ സാധിക്കില്ല. ചിലർ ഇതിൽ പിന്നീട് പിണങ്ങുന്നു - ഞങ്ങളെ ഇരുത്താതിരിക്കാൻ ഞങ്ങളെന്താ വിവേകമില്ലാത്തവരാണോ, എന്തുകൊണ്ടെന്നാൽ മറ്റെല്ലാ സത്സംഗങ്ങളിലും ആര് വേണോ പോയിരിക്കാറുണ്ട്. അവിടെ കേവലം ശാസ്ത്രങ്ങളുടെ മാത്രം കാര്യമാണ് കേൾപ്പിച്ചുകൊണ്ടിരിക്കുന്നത്. അതു കേൾക്കുക ഓരോരുത്തരുടെയും അവകാശമാണ്. ഇവിടെ സൂക്ഷിക്കേണ്ടതായുണ്ട്. ഈ ഈശ്വരീയ ജ്ഞാനം ബുദ്ധിയിലിരിക്കുന്നില്ലെങ്കിൽ വഷളാകുന്നു. ചിത്രങ്ങളെയും സംരക്ഷിക്കണം. ഈ ആസുരീയ ലോകത്തിൽ തന്റെ ദൈവീക രാജധാനി സ്ഥാപിക്കണം. ഏതുപോലെയാണോ ക്രിസ്തു തന്റെ ധർമ്മം സ്ഥാപിക്കാൻ വന്നത്. ഈ ബാബ ദൈവീക രാജധാനി സ്ഥാപിക്കുകയാണ്. ഇതിൽ ഹിംസയുടെ ഒരു കാര്യവുമില്ല. നിങ്ങൾക്ക് കാമവികാരത്തിന്റെ ഹിംസയും സ്ഥൂല ഹിംസയും ചെയ്യാൻ സാധിക്കില്ല. പാടിയിട്ടുമുണ്ട് മാലിന്യം നിറഞ്ഞ വസ്ത്രം കഴുകി. മനുഷ്യരാണെങ്കിൽ തീർത്തും ഘോരമായ അന്ധകാരത്തിലാണ്. ബാബ വന്ന് ഘോരമായ അന്ധകാരത്തിൽ നിന്ന് അതി പ്രകാശമാക്കുന്നു. എന്നിട്ടും ചിലർ ബാബായെന്ന് പറഞ്ഞതിന് ശേഷം മുഖം തിരിക്കുന്നു. പഠിത്തം ഉപേക്ഷിക്കുന്നു. ഭഗവാൻ വിശ്വത്തിന്റെ അധികാരിയാക്കാൻ വേണ്ടി പഠിപ്പിക്കുന്നു, ഇങ്ങനെയുള്ള പഠിത്തത്തെ ഉപേക്ഷിക്കുകയാണെങ്കിൽ അവരെ മഹാവിഢികളെന്നാണ് പറയുക. എത്ര വലിയ ഖജനാവാണ് ലഭിക്കുന്നത്. ഇങ്ങനെയുള്ള ബാബയെ ഒരിക്കലും ഉപേക്ഷിക്കരുത്. ഒരു പാട്ടുമുണ്ട് - അങ്ങ് സ്നേഹിക്കുകയോ തട്ടിയകറ്റുകയോ ചെയ്തോളൂ, ഞങ്ങൾ അങ്ങയുടെ ആശ്രയം ഉപേക്ഷിക്കില്ല. ബാബ വന്നിരിക്കുന്നത് തന്നെ - പരിധിയില്ലാത്ത ചക്രവർത്തീ പദവി നൽകാനാണ്. ഉപേക്ഷിക്കുന്നതിന്റെ കാര്യം തന്നെ ഉദിക്കുന്നില്ല. ബാക്കി, നല്ല ലക്ഷണം ധാരണ ചെയ്യണം. പത്നിമാരും റിപ്പോർട്ട് എഴുതാറുണ്ട് - ഇവർ എന്നെ വളരെ ശല്യപ്പെടുത്തുന്നു. ഇന്നത്തെ കാലത്ത് ലോകം വളരെ വളരെ മോശമാണ്. വളരെയധികം സംരക്ഷിക്കണം. സഹോദരൻമാർ സഹോദരിമാരെ സംരക്ഷിക്കണം. നമ്മൾ ആത്മാക്കൾക്ക് ഏതവസ്ഥയിലും ബാബയിൽ നിന്ന് സമ്പത്ത് തീർച്ചയായും എടുക്കണം. ബാബയെ ഉപേക്ഷിക്കുന്നതിലൂടെ സമ്പത്ത് സമാപ്തമാകുന്നു. നിശ്ചയബുദ്ധി വിജയന്തി, സംശയബുദ്ധി വിനശന്തി. പിന്നീട് പദവി വളരെ കുറയുന്നു. ജ്ഞാനം ഒരേഒരു ജ്ഞാനസാഗരനായ ബാബയ്ക്കേ നൽകാൻ സാധിക്കൂ. ബാക്കി എല്ലാം ഭക്തിയാണ്. ഇനി ആര് എത്ര തന്നെ ജ്ഞാനിയെന്ന് മനസ്സിലാക്കിയാലും ബാബ പറയുന്നു എല്ലാവരുടെയും അടുത്ത് ശാസ്ത്രങ്ങളുടെയും ഭക്തിയുടെയും ജ്ഞാനമാണുള്ളത്. സത്യമായ ജ്ഞാനമെന്ന് ഏതിനെയാണ് പറയുന്നത്, ഇതുപോലും മനുഷ്യർ അറിയുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) ശ്രദ്ധ വയ്ക്കണം, മുരളി കേൾക്കുന്ന സമയം ബുദ്ധിയോഗം പുറമെ അലയുന്നില്ലല്ലോ? സദാ സ്മൃതി ഉണ്ടായിരിക്കണം നമ്മൾ ശിവബാബയുടെ മഹാവാക്യമാണ് കേട്ടുകൊണ്ടിരിക്കുന്നത്. ഇതും ഓർമ്മയുടെ

യാത്രയാണ്.

2) സ്വയം സ്വയത്തെ നോക്കണം എന്നിൽ ജ്ഞാന-യോഗവും ദൈവീക ഗുണവും ഉണ്ടോ? ആർത്തിയുടെ ഭൂതമൊന്നും ഇല്ലല്ലോ? മായക്ക് വശപ്പെട്ട് വികർമ്മമൊന്നും ഉണ്ടാകുന്നില്ലല്ലോ?

## വരദാനം:- നിമിത്തഭാവത്തിന്റെ സ്മൃതിയിലൂടെ ബഹളങ്ങൾ സമാപ്തമാക്കുന്ന സദാ അചഞ്ചലവും ദൃഢതയുള്ളവരുമായി ഭവിക്കട്ടെ.

നിമിതഭാവത്തിലൂടെ അനേകപ്രകാരത്തിലെ ഞാൻ എന്നും എന്റേത് എന്നുമുള്ള ഭാവം സഹജമായി സമാപ്തമാകുന്നു. ഈ സ്മൃതി സർവ്വ പ്രകാരത്തിലുമുള്ള ബഹളങ്ങൾ സമാപ്തമാക്കി അചഞ്ചലവും ദൃഢവുമായ സ്ഥിതിയുടെ അനുഭവം ചെയ്യിപ്പിക്കുന്നു. സേവനത്തിലും പരിശ്രമം ചെയ്യേണ്ടി വരില്ല. നിമിത്തമാകുന്നവരുടെ ബുദ്ധിയിൽ സദാ ഓർമ്മയുണ്ടാകും നമ്മൾ എന്ത് ചെയ്താലും നമ്മളെ കണ്ടു എല്ലാവരും ചെയ്യും. സേവനത്തിനു നിമിത്തമാകുക അർഥം സ്റ്റേജിൽ വരിക. സ്റ്റേജിലേക്ക് സ്വതവേ എല്ലാവരുടെയും കണ്ണ് പോകും. ഈ സ്മൃതിയും സുരക്ഷയ്ക്കുള്ള സാധനമാകുന്നു.

## സ്ലോഗൻ:- സർവ്വ കാര്യങ്ങളിൽ നിന്നും വേറിട്ടവരായാൽ പരമാത്മ ബാബയുടെ കൂട്ട് കെട്ടിന്റെ അനുഭവം ഉണ്ടാകും.

**അവ്യക്ത സൂചന-സഹജ യോഗി ആകണമെങ്കിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവി ആകൂ.**
വർത്തമാന സമയത്ത് അലയുന്ന ആത്മാക്കൾക്ക് ഒന്ന് ശാന്തി വേണം,രണ്ടാമത്തേത് ആത്മീയ സ്നേഹം വേണം. എല്ലായിടത്തും സ്നേഹവും ശാന്തിയുമാണ് കുറവുള്ളത് ഇതിനാൽ ഏത് പ്രോഗ്രാം ചെയ്താലും അതിൽ ബാബയുടെ സംബന്ധത്തിന്റെ സ്നേഹത്തിന്റെ മഹിമ ചെയ്യൂ, പിന്നീട് ആ സ്നേഹത്തിൽ ആത്മാക്കളുടെ സംബന്ധം യോജിപ്പിച്ചതിനു ശേഷം ശാന്തിയുടെ അനുഭവം ചെയ്യിപ്പിക്കൂ. സ്നേഹ സ്വരൂപം ശാന്തിയുടെ സ്വരൂപം രണ്ടിന്റെയും സന്തുലനം വേണം.